# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ലോകോത്തര നിലവാരത്തിലുള്ള റോഡുകൾ**

2777 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, പി. റ്റി. എ. റഹീം
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 1000 കി. മീറ്റർ റോഡുകൾ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതിയുടെ സാദ്ധ്യതാ പഠനം നടത്തിയ വിൽബർസ്മിത്ത് അസോസിയേറ്റ്സിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇതിനുള്ള ചെലവ് എത്രയായിരുന്നു; ഈ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ നടത്തിപ്പിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കമ്പനിയുടെ രൂപീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിന്റെ ഘടനയും പ്രവർത്തനവും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>പരസ്യ ബോർഡുകൾക്കുള്ള നിയന്ത്രണങ്ങൾ</u>

2778 ശ്രീ. പി. എ. മാധവൻ
,, കെ. അച്ചുതൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാതയോരങ്ങളിൽ അനധികൃതമായി സ്ഥാപിക്കുന്ന പരസ്യബോർഡുകളും ബാനറുകളും നിയന്ത്രിക്കാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുളളത് ;

(ബി) പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ അനുസരിച്ച് പരസ്യ ബോർഡുകൾ സ്ഥാപിക്കാനുളള നിയന്ത്രണങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ ;

(സി) മാന്വൽ അനുസരിച്ചുളള വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ എന്തെല്ലാം നിയമ നടപടികളാണ് എടുക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ഗ്രാമീണറോഡുകളെ മേജർ റോഡുകളാക്കൽ**

2779 ശ്രീ. എ. റ്റി. ജോർജ്
'' ബെന്നിബഹനാൻ
'' വി. പി. സജീന്ദ്രൻ
'' എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണറോഡുകൾ മേജർ റോഡുകളാക്കുവാനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(ബി) എത്ര കി.മി. ഗ്രാമീണ റോഡുകളാണ് മേജർ റോഡുകളായി പ്രഖ്യാപിച്ച് വകുപ്പിന് കീഴിൽ കൊണ്ടുവന്നിട്ടുള്ളത് ;

(സി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ
പറയാമോ ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് എന്ത് തുക വിലയിരുത്തിയിട്ടുണ്ട് ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

### ഭൂവസ്ത്ര റോഡുകൾ

2780 ശ്രീ. ഹൈബി ഈഡൻ
,, പി. സി. വിഷ്ണുനാഥ്
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭൂവസ്ത്ര റോഡുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ്;

(സി) ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>ദേശീയ പാത വികസന പദ്ധതി</u>

2781 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത്
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടുണ്ടോ ;

(സി) പദ്ധതി പ്രവർത്തനം തുടങ്ങുന്നതിന് സ്ഥലമെടുപ്പ് പദ്ധതിക്കും പുതിയ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ഡി) സമയബന്ധിതമായി പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**റോഡുപണികൾ നിരീക്ഷിക്കുവാനുള്ള സംവിധാനങ്ങൾ**

**2782 ശ്രീമതി. പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുപണികൾ നിരീക്ഷിക്കുവാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) റോഡ് പരിശോധനയ്ക്കായി പ്രത്യേക നിരീക്ഷണസംഘത്തെ നിയോഗിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) റോഡ് നിർമ്മാണത്തിന് കരാറുകാർ ഗ്യാരന്റി നൽകണമെന്ന ഉപാധി എല്ലാ നിർമ്മാണങ്ങൾക്കും ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**എ. ഡി. ബി. സഹായത്തോടെ റോഡുകൾ രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതി**

2783 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എ. ഡി. ബി. സഹായത്തോടെ സംസ്ഥാനത്തെ റോഡുകൾ രാജ്യാന്തര നിലവാരത്തിലേക്കു ഉയർത്തുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കിലോമീറ്റർ റോഡാണ് ഇതിനു തെരഞ്ഞെടുത്തിട്ടുള്ളത്; എത്ര കോടി രൂപയാണ് ഇതിനുള്ള ചെലവെന്ന് പറയാമോ ;

(സി) ഏതെല്ലാം ജില്ലയിൽ ഏതെല്ലാം റോഡുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതിയിൽ റോഡുകൾ തെരഞ്ഞെടുക്കുന്നതിനു സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**നോൺ-പ്ലാനിൽപ്പെടുത്തി ഒ.ഡി.ആർ റോഡുകളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിന് നടപടി**

**2784** **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നോൺ-പ്ലാനിൽപ്പെടുത്തി സംസ്ഥാനത്തെ ഒ.ഡി.ആർ റോഡുകളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് ജില്ലാ അടിസ്ഥാനത്തി ലുള്ള കണക്ക് വിശദമാക്കാമോ.

(സി) ഇങ്ങനെ ജില്ലകൾക്ക് തുക അനുവദിക്കുന്നതിന് എന്തെങ്കിലുംമാനദണ്ഡങ്ങൾ വച്ചിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ആർ.ഐ.സി.കെ. (റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി, കേരള) എന്ന കമ്പനിയുടെ പ്രവർത്തന രീതിയും ഉദ്ദേശ്യലക്ഷ്യങ്ങളും**

2785 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, സി.പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.സി.കെ. (റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി, കേരള) എന്ന കമ്പനിയുടെ പ്രവർത്തന രീതിയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ്;

(ബി) പ്രസ്തുത റോഡുകളുടെ തെരഞ്ഞെടുപ്പ് പൂർത്തിയാക്കിയിട്ടുണ്ടോ;

(സി) ഏത് സ്ഥാപനമാണ് തെരഞ്ഞെടുപ്പ് നടത്തിയതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുള്ള ടാറിംഗ്</u>**

**2786 ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പരീക്ഷണ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള ടാറിംഗ് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ സാധ്യത എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള ടാറിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിലെ തടസ്സങ്ങൾ എന്തൊക്കെ; വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**പൊതുമരാമത്ത് വകുപ്പില്‍ സോഷ്യല്‍ ഓഡിറ്റിംഗ്**

**2787 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പൊതുമരാമത്ത് വകുപ്പില്‍ സോഷ്യല്‍ ഓഡിറ്റിംഗ് നടപ്പാക്കിയിട്ടുണ്ടോ ; എങ്കില്‍ ആയതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ ;

(ബി) അഴിമതി തടയുന്നതിന് സോഷ്യല്‍ ഓഡിറ്റിംഗ് എത്രത്തോളം സഹായിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് 5100 കോടി രൂപ മുടക്കി തിരഞ്ഞെടുക്കപ്പെട്ട 1200 കിലോ മീറ്റർ റോഡ് നിർമ്മിക്കുന്നതിനുള്ള നടപടി</u>

2788 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 5100 കോടി രൂപ മുടക്കി തിരഞ്ഞെടുക്കപ്പെട്ട 1200 കിലോ മീറ്റർ റോഡ് നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് പറയാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത് ഏതൊക്കെ റോഡുകളാണെന്നും എത്രയൊക്കെ കിലോ മീറ്ററുകളാണെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**റോഡുകൾ ദേശീയ സ്റ്റാൻഡേർഡിലേക്ക് (എസ്.ആർ.ഐ.പി) ഉയർത്തി പുനരുദ്ധരിക്കുന്നതിന് നടപടി**

2789 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 1000 കി. മീ റോഡുകൾ ദേശീയ സ്റ്റാൻഡേർഡിലേക്ക് (എസ്.ആർ.ഐ.പി) ഉയർത്തി പുനരുദ്ധരിക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(ബി) ആകെ എത്ര രൂപയാണ് ആയതിനായി നീക്കി വെച്ചിട്ടുള്ളത്;

(സി) ആയതിലെ ടെക്നിക്കൽ കൺസൽട്ടന്റായി ആരെയാണ് നിയോഗിച്ചിരിക്കുന്നത്;

(ഡി) എത്ര നിർമ്മാണ പ്രവൃത്തികളാണ് പ്രസ്തുത പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ളത്; മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ഇ) അരൂർ മണ്ഡലത്തിലെ ചെങ്ങണ്ട-തൃച്ചാറുകുളം-കൊമ്പനാമുറി റോഡ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുവാനുള്ള അപേക്ഷ പരിഗണിച്ചിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അടുത്ത ഘട്ടത്തിൽ പരിഗണിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**പത്തനംതിട്ട ജില്ലയിലെ നഗരവികസന പദ്ധതി**

**2790 ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന നഗരവികസന പദ്ധതിയിൽ റോഡുകൾ പരിഗണിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയെ സംബന്ധിച്ച പൂർണ്ണമായ വിശദാംശം അറിയിക്കുമോ;

(സി) പത്തനംതിട്ട ജില്ലയെ കൂടി ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് തയ്യാറാകുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

### നാറ്റ്പാക്ക് വികസന പദ്ധതി

2791 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റോഡ് വികസനത്തിനായി നാറ്റ്പാക്ക് വികസന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ബന്ധപ്പെട്ട വികസനപദ്ധതിയുടെ വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും ധനസഹായം**

**2792 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും സംസ്ഥാനത്തിന് ഏറ്റവും അവസാനമായി ഏതൊക്കെ റോഡുകൾക്കാണ് ധനസഹായം ലഭിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ധന സഹായം ലഭിക്കുന്നതിന് സർക്കാർ കേന്ദ്രത്തിന് പുതിയ റോഡുകളുടെ ലിസ്റ്റ് സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കാസർഗോഡ് ജില്ലയിൽ നിന്നും ഏതൊക്കെ റോഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നന്നും</u>**
**<u>ഏറ്റെടുത്ത റോഡുകൾ</u>**

**2793** **ശ്രീ. എ. എ. അസീസ്**
**,, കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എത്ര കിലോമീറ്റർ റോഡുകളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഏറ്റെടുത്തത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;**

(ബി) **ഇവയിൽ എത്ര റോഡുകൾ പുനരുദ്ധാരണം നടത്തി ഗതാഗത യോഗ്യമാക്കി എന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>നെയ്യാറ്റിൻകര റോഡ്സ് സബ്ഡിവിഷൻ അതിർത്തിയിൽ നിന്ന് പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്ന റോഡുകൾ</u>**

**2794**

**ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര റോഡ്സ് സബ്ഡിവിഷൻ അതിർത്തിയിൽ നിന്ന് എത്ര റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കണം എന്നുള്ള നിവേദനങ്ങളാണ് ലഭിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത നിവേദനങ്ങളിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**കണ്ണറവിള - മണ്ണക്കല്ല് - മന്നോട്ടുകോണം റോഡും പാലവും പുതുക്കി പണിയുവാൻ നടപടി**

**2795 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണറവിള - മണ്ണക്കല്ല് - മന്നോട്ടുകോണം റോഡും പ്രസ്തുത റോഡിലുള്ള പാലവും പുതുക്കി പണിയണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>ആയൂരിനും ഏനാത്ത് ജംഗ്ഷനും ഇടയിൽ</u>**
**<u>സുരക്ഷാ ക്രമീകരണങ്ങൾ</u>**

2796 **ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എം.സി റോഡിൽ ആയൂരിനും ഏനാത്ത് ജംഗ്ഷനും ഇടയിൽ കഴിഞ്ഞ ആറ് മാസകാലയളവിനുള്ളിൽ നടപ്പിലാക്കിയ സുരക്ഷാ ക്രമീകരണങ്ങൾ എന്തൊക്കെയാണ്; വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ക്രമീകരണങ്ങൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(സി) ഈ മേഖലയിൽ പ്രസ്തുത കാലയളവിൽ വാഹന അപകടത്തിൽ എത്ര പേർ മരിച്ചിട്ടുണ്ടെന്നും, എത്ര പേർക്ക് ഗുരുതര പരിക്കുകൾ പറ്റിയെന്നുമുള്ള വിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ റോഡ് നിർമ്മാണത്തിലെ കാലതാമസം**

**2797**

**ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ റോഡ് നിർമ്മാണം ആരംഭിക്കുകയും പൂർത്തീകരിക്കാത്തതുമായ ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നിലവിലുളളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ പണി പൂർത്തീകരിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**മാവേലിക്കര മണ്ഡലത്തിലെ വിവിധ റോഡുകളുടെയും കെട്ടിടങ്ങളുടെയും പ്രവൃത്തികൾ**

**2798 ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ കുറത്തി കാട് ജംഗ്ഷൻ, നരേന്ദ്രപ്രസാദ് ജംഗ്ഷൻ റോഡുകളുടെ നിർമ്മാണം നടത്തുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ വെട്ടിയാർ പോസ്റ്റാഫീസ് ജംഗ്ഷൻ റോഡ് അടിയന്തിരമായി നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) മാവേലിക്കരയിലെ പൊതുമരാമത്ത് എഞ്ചിനീയറുടെ കാര്യാലയം നിലവാരമില്ലാത്തതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആയതിന്റെ നിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**<u>ചേര്‍ത്തല മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികളുടെ വിശദാംശം</u>**

**2799** **ശ്രീ. പി. തിലോത്തമന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍വന്നതിനുശേഷം ചേര്‍ത്തല മണ്ഡലത്തില്‍പ്പെട്ട ഏതെല്ലാം പൊതുമരാമത്ത് ജോലികള്‍ക്ക് ഭരണാനുമതി നല്‍കിയെന്നും ഏതെല്ലാം ജോലികള്‍ക്ക് ടെക്നിക്കല്‍ സാങ്ഷന്‍ നല്‍കിയെന്നും ഏതെല്ലാം ജോലികള്‍ക്ക് ധനകാര്യവകുപ്പിന്റെ പ്രത്യേക അനുമതി ലഭിച്ചുവെന്നും പ്രസ്തുത ജോലികള്‍ക്ക് അനുവദിച്ച തുക എത്ര വീതമെന്നും വിശദമാക്കുമോ ;

(ബി) ഈ വരുന്ന സാമ്പത്തികവര്‍ഷം ചേര്‍ത്തല മണ്ഡലത്തില്‍ ചെയ്യുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള പൊതുമരാമത്ത് ജോലികളുടെ മുന്‍ഗണനാക്രമവും ആയതിനായി ചെലവഴിക്കാനുദ്ദേശിക്കുന്ന തുകയും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

### കുട്ടനാട്ടിലെ റോഡുനിർമ്മാണ പ്രവൃത്തികൾ

2800

**ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമായിട്ടും പൂർത്തിയാക്കാത്ത കുട്ടനാട്ടിലെ റോഡു നിർമ്മാണ പ്രവൃത്തികൾ വിശദമാക്കുമോ;

(ബി) കാലാവധി ദീർഘിപ്പിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ അനുകൂല തീരുമാനമെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) നിർമ്മാണം പൂർത്തീകരിച്ച വീയപുരം ഗ്രാമപഞ്ചായത്തിലെ ഹൈസ്കൂൾ പടി മുതൽ വേലിയിൽപടിവരെ റോഡു നിർമ്മാണത്തിന്റെ ഫണ്ട് അനുവദിക്കുന്നതിനായി കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) തലവടി ഗ്രാമപഞ്ചായത്തിൽ തറയിൽപടി മുതൽ തോട്ടത്തിൽ പടിവരെ റോഡ് പുനരുദ്ധാരണത്തിന് കാലാവധി ദീർഘിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>കെ.എസ്.റ്റി.പി. രണ്ടാംഘട്ടം</u>

2801 ശ്രീ. ബെന്നി ബഹനാന്‍
'' വി. റ്റി. ബല്‍റാം
'' ഡൊമിനിക് പ്രസന്റേഷന്‍
'' എ. റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.റ്റി.പി. രണ്ടാംഘട്ടം പദ്ധതി നടപ്പാക്കുന്നതിന് ഈ സര്‍ക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സാമ്പത്തിക കാര്യവകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രവും ലോകബാങ്കും എന്തെല്ലാം സഹായമാണ് നല്‍കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) വരുന്ന സാമ്പത്തികവര്‍ഷം എത്ര കി.മി. റോഡുകളുടെ പുനരുദ്ധാരണവും ഹെവിമെയിന്റനന്‍സും ആണ് നടപ്പിലാക്കുന്നത് ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ആലപ്പുഴ - ചങ്ങനാശ്ശേരി റോഡിന്റെ നവീകരണം**

**2802 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. ഏറ്റെടുത്ത ആലപ്പുഴ - ചങ്ങനാശ്ശേരി റോഡിൽ എന്തെല്ലാം നവീകരണ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ബി) എ.സി. റോഡിലെ വീതികുറഞ്ഞ പാലങ്ങളുടെ വീതി കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) എത്ര തുകയുടെ നവീകരണ പദ്ധതികളാണ് കാലവർഷം ആരംഭിക്കുന്നതിന് മുമ്പ് ചെയ്തുതീർത്തതെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**പാലക്കാട് ജില്ലയിൽ നോൺ പ്ലാൻ ഫണ്ടിൽ നിന്നും വികസിപ്പിച്ചെടുത്ത പഞ്ചായത്ത് റോഡുകൾ**

**2803** **ശ്രീ. എ. കെ. ബാലൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്**
വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പാലക്കാട് ജില്ലയിൽ നോൺ പ്ലാൻ ഫണ്ടിൽ നിന്നും ഏതെല്ലാം നിയോജക മണ്ഡലങ്ങളിലെ പഞ്ചായത്ത് റോഡുകൾ വികസിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട് ; പ്രസ്തുത നിയോജക മണ്ഡലങ്ങളുടെ പേരും അനുവദിച്ച തുകയും പറയാമോ; തെരഞ്ഞെടുപ്പിനുളള മാനദണ്ഡം എന്തായിരുന്നു;

(ബി) ജില്ലയിലെ ഏതെല്ലാം നിയോജകമണ്ഡലങ്ങൾക്കാണ് ഫണ്ട് അനുവദിക്കാതിരുന്നത്; കാരണമെന്തായിരുന്നു ;

(സി) ഫണ്ട് അനുവദിക്കാത്ത നിയോജക മണ്ഡലങ്ങൾക്ക് കൂടി ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത ഫണ്ടിൽ പാലക്കാട് ജില്ലയ്ക്ക് എത്ര രൂപയാണ് അനുവദിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**എൻ. എച്ച്. 212 - ന്റെ വിപുലീകരണം**

**2804 ശ്രീ. പി. റ്റി. എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എൻ. എച്ച്. 212 വിപുലീകരിക്കുന്നതിന് ഏതെങ്കിലും കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര ഭൂമിയാണ് അക്വയർ ചെയ്യുന്നത്;

(സി) എത്ര മീറ്റർ വീതിയിലാണ് റോഡ് നിർമ്മിക്കുന്നത്;

(ഡി) ഇതിനുള്ള നടപടികൾ എപ്പോഴാണ് ആരംഭിക്കുന്നതെന്ന് പറയാമോ;

(ഇ) പ്രവൃത്തി പൂർത്തിയാകുമ്പോൾ എത്ര സ്ഥലത്ത് ടോൾ നൽകേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു;

(എഫ്) ടോൾ തുക എത്ര വീതമായിരിക്കുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**പാവങ്ങാട് - അത്തോളി റോഡ്**

**2805** **ശ്രീ. എ. കെ. ശശീന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പാവങ്ങാട് മുതൽ അത്തോളി വരെയുള്ള റോഡിന്റെ വീതികൂട്ടി ബി.എം. & ബി.സി. ചെയ്യണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് ജില്ലയിലെ ഉള്ളേരി മുതൽ കുറ്റ്യാടി വരെ റോഡ് വികസനം**

**2806 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കോഴിക്കോട് ജില്ലയിലൂടെ കടന്നു പോകുന്ന എസ്. എച്ച് 38, പി.യു.കെ.സി റോഡിലെ ഉള്ളേരി മുതൽ കുറ്റ്യാടി വരെ ഭൂമി ഏറ്റെടുത്തത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ;**

(ബി) **പ്രസ്തുത ഭാഗത്ത് റോഡിന്റെ വീതി എത്രയെന്ന് വ്യക്തമാക്കുമോ ;**

(സി) **പ്രസ്തുത റോഡിലെ പല ഭാഗത്തും സ്വകാര്യ വ്യക്തികൾ കയ്യേറി കെട്ടിടങ്ങൾ നിർമ്മിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(ഡി) **എങ്കിൽ ഇപ്പോൾ നടന്നു വരുന്ന റോഡ് പ്രവൃത്തിയുടെ ഭാഗമായി റോഡിലെ സ്വകാര്യ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?**

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് സിറ്റി റോഡ്സ് ഇംപ്രൂവ്മെന്റ് പ്രോജക്ട്**

**2807**

**ശ്രീ. എ. പ്രദീപ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിറ്റി റോഡ്സ് ഇംപ്രൂവ്മെന്റ് പ്രോജക്ട് പ്രകാരം ഇപ്പോൾ എന്തെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് പറയാമോ;

(ബി) ഓരോ പ്രവൃത്തിയുടേയും ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>കോഴിക്കോട് സിറ്റി റോഡ്സ് ഇംപ്രൂവ്മെന്റ് പ്രോജക്ട്</u>**

**2808 ശ്രീ. എ. പ്രദീപ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിറ്റി റോഡ്സ് ഇംപ്രൂവ്മെന്റ് പ്രോജക്ടുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി ഒരു വർഷമായി വിളിച്ചു ചേർത്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കമ്മിറ്റി വിളിച്ചു ചേർക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>കോഴിക്കോട് - ബാലുശ്ശേരി റോഡ് അന്തർദ്ദേശീയ നിലവാരത്തിലാക്കാൻ നടപടി</u>**

**2809 ശ്രീ. എ. കെ. ശശീന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് - ബാലുശ്ശേരി റോഡ് അന്തർദ്ദേശീയ നിലവാരത്തിലാക്കാൻ നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**കുന്ദമംഗലം ചേരിഞ്ചാൽ കുറ്റിക്കാട്ടൂർ റോഡ് ഏറ്റെടുക്കുന്നതിന് നടപടികൾ**

2810 ശ്രീ. പി.റ്റി.എ. റഹിം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം ചേരിഞ്ചാൽ കുറ്റിക്കാട്ടൂർ റോഡ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡാണോ;

(ബി) കുന്ദമംഗലത്തുനിന്നും കുറ്റിക്കാട്ടൂരിലേയ്ക്കുള്ള ഈ റോഡിന്റെ നീളം എത്രയാണ്;

(സി) പൊതുമരാമത്ത് രേഖയിൽ ഈ റോഡിന്റെ നീളം എത്രയാണ്;

(ഡി) ഈ റോഡിന്റെ മുഴുവൻ നീളവും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ</u>**

**2811** **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്**
വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്നത് ഏതൊക്കെ പദ്ധതികളാണെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഓരോ പദ്ധതിയുടെയും നിലവിലുളള പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് പറയാമോ ;

(സി) ഇതിൽ ഓരോ പ്രവർത്തിയും എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>ചിപ്പൻചിറ ഇരുമ്പ് പാലം പുനർനിർമ്മിക്കുന്ന പ്രവൃത്തികൾ</u>

2812 ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചിപ്പൻചിറ ഇരുമ്പ് പാലം പുനർനിർമ്മിക്കുന്ന പ്രവൃത്തികൾ ഏതുവരെയായി എന്ന് പറയാമോ ;

(ബി) നിലവിൽ എന്തെല്ലാം തടസ്സങ്ങളാണ് പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ടുള്ളത് ;

(സി) അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

### കുണ്ടമൺ പാലം നിർമ്മാണം

2813 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത്
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊല്ലം -ആയൂർ റോഡിലുള്ള മൊട്ടക്കാവ് പാലം (കുണ്ടമൺ) നിർമ്മിക്കുന്നതിലേക്ക് അവസാനം ടെണ്ടർ നൽകിയ തീയതി, കരാറുകാരൻ എഗ്രിമെന്റ് വച്ച തീയതി, കരാർ തുക, കരാർ പ്രകാരം പാലം പണി പൂർത്തീകരിക്കേണ്ടുന്ന തീയതി എന്നിവ അറിയിക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണം ഏറ്റെടുത്ത കരാറുകാരൻ ആരാണ് ; പ്രസ്തുത കരാറുകാരന് നാളിതുവരെ എത്ര രൂപ നൽകിയിട്ടുണ്ട് ;

(സി) കുണ്ടമൺപാലം നിർമ്മാണം കരാർ നൽകിയതിന് ശേഷം പുതിയ തരം തൂണുകൾ നിർമ്മിക്കുന്നതിലേക്ക് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെപകർപ്പ് ലഭ്യമാക്കുമോ ; അതിൻപ്രകാരം പഴയ തൂണുകൾ പൊളിച്ച് നീക്കി പുതിയ തരം തൂണുകൾ നിർമ്മിച്ചിട്ടുണ്ടോ ;

(ഡി) പുതിയ തരം തൂണുകൾ നിർമ്മിക്കുമ്പോൾ എസ്റ്റിമേറ്റ് തുക പുതുക്കി നൽകുവാൻ നിയമപരമായി ബാദ്ധ്യതയുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത പാലം നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് പുതുക്കുന്നതിലേക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവോ; പ്രസ്തുത രേഖ എന്നാണ് ലഭിച്ചതെന്ന് അറിയിക്കുമോ;

(എഫ്) പാലം പണിയുവാനുള്ള എസ്റ്റിമേറ്റ് റിവൈസ് ചെയ്തു ലഭിക്കുന്നതിലേക്കായി ചീഫ് ടെക്കനിക്കൽ എക്സാമിനർക്ക് ബന്ധപ്പെട്ട രേഖകൾ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയത് ; എത്രമാസം പ്രസ്തുത ഫയലിൽ തീരുമാനമെടുക്കാതെ തടസ്സപ്പെട്ട് കിടന്നുവെന്നും

അറിയിക്കുമോ; ഇതുമായി ബന്ധപ്പെട്ട ഫയല്‍ ആരുടെ കൈവശമാണെന്ന് അറിയിക്കുമോ ;

(ജി) പാലത്തിന്റെ പണി പൂര്‍ത്തീകരിക്കുന്നതിലേക്ക് ആര്‍. ഇ. പാസ്സാക്കി നല്‍കാത്തതുമായി ബന്ധപ്പെട്ട് കോടതിയില്‍ കരാറുകാരന്‍ കേസ്സുകള്‍ നല്‍കിയിട്ടുണ്ടോ ;

(എച്ച്) ആര്‍. ഇ. പാസ്സാക്കി നല്‍കുവാനുണ്ടായ കാലതാമസത്തിന് കരാറുകാരന്‍ അധികനിരക്കോ, പലിശയോ ആവശ്യപ്പെട്ടിട്ടുണ്ടോ ; ഇത് എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ;

(ഐ) റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ കാര്യത്തില്‍ കാലതാമസം വന്നതുമൂലം അധിക തുക കരാറുകാരന് നല്‍കേണ്ടി വന്നാല്‍ പ്രസ്തുത തുക കാലതാമസത്തിന് കാരണക്കാരായ ഉദ്യോഗസ്ഥരില്‍ നിന്നും ഈടാക്കുവാന്‍ നടപടി സ്വീകരിക്കുമോ;

(ജെ) കുണ്ടമണ്‍ പാലത്തിന്റെ പണി 95%ഉം ഇപ്പോള്‍ പൂര്‍ത്തീകരിച്ചുവെങ്കിലും ആര്‍. ഇ. പാസ്സാക്കി നല്‍കുന്നതിലുള്ള തടസ്സങ്ങളും, തര്‍ക്കങ്ങളും നിമിത്തം പഴയ പാലമാണ് ഇപ്പോഴും ഉപയോഗിക്കുന്നതെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; ഇതുമൂലം സംഭവിക്കാനിടയുള്ള കഷ്ട നഷ്ടങ്ങള്‍ക്ക് ഉത്തരവാദി ആരാണ് ; വ്യക്തമാക്കുമോ;

(കെ) കുണ്ടമണ്‍ പാല നിര്‍മ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങളിന്‍മേല്‍ അടിയന്തിര ശ്രദ്ധ നല്‍കി പാലം പൊതുജനങ്ങള്‍ക്ക് ഗതാഗതത്തിനായി സമര്‍പ്പിക്കുവാന്‍ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പള്ളിക്കമണ്ണടി പാലത്തിന് ഭരണാനുമതി ലഭിച്ചതിന്റെ വിശദാംശങ്ങൾ**

2814 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പള്ളിക്കമണ്ണടി പാലത്തിന് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്; ഏത് തീയതിയിലാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെക്കെയാണ്;

(സി) അപ്രോച്ച് റോഡിനുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് എത്ര മാസമായിയെന്ന് അറിയിക്കാമോ; പുരോഗതി വ്യക്തമാക്കാമോ;

(ഡി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് കാല താമസം വരുത്തുന്ന വിവരം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽ വകുപ്പിനെ കൂടി ഉൾപ്പെടുത്തി പ്രത്യേക യോഗം വിളിക്കാൻ സന്നദ്ധമാകുമോ;

(എഫ്) ഭൂമി ഏറ്റെടുക്കൽ നടപടികൾ ലഘൂകരിക്കുവാൻ പുതുതായി സ്വീകരിച്ചിട്ടുള്ള നിർദ്ദേശങ്ങളും മാർഗ്ഗങ്ങളും എന്തൊക്കെ യാണെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**മുട്ടേൻപാലം, പടഹാരം പാലം, തട്ടാശ്ശേരി, മങ്കൊമ്പ് സിവിൽസ്റ്റേഷൻ പാലങ്ങളുടെ നിർമ്മാണം**

2815 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച കൈനകരി ഗ്രാമപഞ്ചായത്തിലെ മുട്ടേൻപാലത്തിന് 12 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു ; വിശദമാക്കുമോ ;

(ബി) പടഹാരം പാലം നിർമ്മാണത്തിന് സോയിൽ ടെസ്റ്റിനുള്ള ടെണ്ടർ ക്ഷണിച്ച് അനുമതി നൽകിയിട്ടുണ്ടോ ;

(സി) തട്ടാശ്ശേരി, മങ്കൊമ്പ് സിവിൽസ്റ്റേഷൻ പാലങ്ങളുടെ നിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**മാവേലിക്കര മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ**

**2816 ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വെട്ടിയാർ പാലം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ഉത്തരവ് എന്നാണ് ഇറങ്ങിയത്; എത്ര രൂപയുടെ ഭരണാനുമതിയാണുള്ളത്;

(ബി) മാവേലിക്കര മണ്ഡലത്തിലെ വള്ളിക്കുന്ന് പഞ്ചായത്തിലെ രാമഞ്ചിറ റോഡ് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) മാവേലിക്കര മണ്ഡലത്തിലെ കുറത്തിക്കാട് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ആയതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുവദിച്ച തുക എത്ര;

(ഇ) പ്രസ്തുത സ്റ്റേഷൻ നിർമ്മാണം അടിയന്തിരമായി ആരംഭിക്കുമോ; ഇല്ലെങ്കിൽ എന്താണ് തടസ്സം; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**അങ്കമാലി നിയോജകമണ്ഡലത്തിൽ കാലടി സമാന്തര പാലത്തിന്റെയും, അപ്രോച്ച് റോഡിന്റെയും നിർമ്മാണം**

2817 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ 42 കോടി രൂപ അനുവദിച്ചിട്ടുള്ള കാലടി സമാന്തര പാലത്തിന്റെയും, അപ്രോച്ച് റോഡിന്റെയും നിർമ്മാണപ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) നിലവിലുള്ള പാലത്തിനോട് ചേർന്നുള്ള പ്രോപ്പോസൽ പരിഗണനയിലുണ്ടോ ;

(സി) സമാന്തരപാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണപ്രവർത്തനത്തിനായുള്ള സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ ;

(ഡി) ആയതിന്റെ അലൈൻമെന്റും, സ്കെച്ചും, പ്ലാനും തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ആയത് സംബന്ധിച്ച കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയ സാധ്യതാപഠന റിപ്പോർട്ട് പരിഗണിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**തവനൂർ മണ്ഡലത്തിലെ കുണ്ടയാർ പാലം**

**2818** **ഡോ. കെ.ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിൽപ്പെട്ട എടപ്പാൾ-തവനൂർ റോഡിന്റെ കുണ്ടയാർ പാലത്തിന്റെ കൈവരികൾ തകർന്നതും,സ്ലാബ് ഇളകിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചക്രമവട്ടം പദ്ധതി വന്നതോടുകൂടി ഈ റൂട്ടിൽ വാഹനങ്ങളുടെ എണ്ണം വർദ്ധിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പാലം അപകടത്തിലാണെന്നുള്ള കാര്യം ഗൗരവമായി കണ്ട് പാലം പുതുക്കി പണിയുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് കോരപ്പുഴയ്ക്ക് കുറുകെ പുതിയപാലം**

**2819 ശ്രീ. എ. കെ. ശശീന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോരപ്പുഴയ്ക്ക് കുറുകെ പുതിയപാലം നിർമ്മിക്കാനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത പാലം നിർമ്മിയ്ക്കാനുള്ള ഭരണാനുമതി നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**അഴീക്കൽ, പെരിഞ്ചേരിക്കടവ് പാലങ്ങൾ**

**2820 ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കുറ്റ്യാടി മണ്ഡലത്തിലെ അഴീക്കൽ കടവ്, പെരിഞ്ചേരിക്കടവ് പാലങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ എത്ര തുകവീതം ചെലവഴിച്ചു; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിന് സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**കൊടുവള്ളി നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പാലങ്ങളുടെ പണി**

**2821** **ശ്രീ. പി. റ്റി. എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കൊടുവള്ളി നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച ഏതെല്ലാം പാലങ്ങളുടെ പ്രവൃത്തിയാണ് ആരംഭിച്ചിട്ടുള്ളത് ;

(ബി) പ്രവൃത്തി ഇതുവരെയും ആരംഭിക്കാത്ത പാലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) മൊയോട്ടക്കടവ് പാലത്തിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണ് ;

(ഡി) പ്രസ്തുത പാലം അപ്രോച്ച് റോഡ് പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പാലത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ കോട്ടക്കീൽക്കടവ് - പട്ടുവം പാലം നിർമ്മാണത്തിന്റെ പുരോഗതി**

2822 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്**
വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച കോട്ടക്കീൽക്കടവ് - പട്ടുവം പാലം നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ ; ഇത് സംബന്ധിച്ച് വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് പറയാമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**മൊയ്തുപാലം**

2823 **ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയിലെ മൊയ്തുപാലം നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിന്റെ പ്രവൃത്തി എന്ന് ആരംഭിക്കുമെന്നും ടെണ്ടർ നടപടികളുടെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**കല്‍പ്പറ്റ നിയോജക മണ്ഡലത്തില്‍ നടപ്പാക്കുന്ന പ്രവൃത്തികള്‍**

**2824 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) നടപ്പു സാമ്പത്തിക വര്‍ഷം പൊതുമരാമത്ത് വകുപ്പ് റോഡ്സ് & ബ്രിഡ്ജസ് -ന്റെ കീഴില്‍ കല്‍പ്പറ്റ നിയോജക മണ്ഡലത്തില്‍ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ആയതില്‍ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചവ ഏതെല്ലാം; ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികള്‍ സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികള്‍ വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**പൊതുമരാമത്ത് സെക്ഷനുകളുടെ പുന:ക്രമീകണം**

2825 ശ്രീ. സണ്ണി ജോസഫ്
,, വി. റ്റി. ബൽറാം
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുന:സംഘടിപ്പിക്കപ്പെട്ട മണ്ഡലങ്ങളുടെ ഘടനയ്ക്കനുസരിച്ച് പൊതുമരാമത്ത് സെക്ഷനുകൾ പുന:ക്രമീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് നാറ്റ്പാക്ക് നൽകിയ റിപ്പോർട്ട് പരിഗണിച്ചിട്ടുണ്ടോ;

(സി) പുന:ക്രമീകരണം എന്ന് മുതൽ നടപ്പാക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>തലശ്ശേരി - മാഹി ബൈപ്പാസ്</u>

**2826 ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്**
വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി - മാഹി ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പ്രവർത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**കണ്ടിയൂർ ബൈപാസ്, ചത്തിയറ-പള്ളം റോഡുകളുടെ നിർമ്മാണം**

**2827 ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ കണ്ടിയൂർ ബൈപാസ് നിർമ്മാണം എന്നാരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കുമോ;

(ബി) ബൈപാസ് നിർമ്മാണത്തിനാവശ്യമായ സ്ഥലം പൂർണമായി ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) നിലവിൽ ഭരണാനുമതിയുടെ കാലാവധി അവസാനിച്ചിട്ടുണ്ടോ;

(ഡി) ബൈപാസ് നിർമ്മാണം ആരംഭിക്കുന്നതിലേക്കായി അടിയന്തിരമായി ഇടപെടുമോ;

(ഇ) മാവേലിക്കര മണ്ഡലത്തിലെ ചത്തിയറ-പള്ളം റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഈ റോഡിന് കഴിഞ്ഞ സർക്കാർ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നുവോ; എങ്കിൽ തുക എത്ര;

(ജി) ചത്തിയറ-പള്ളം റോഡിന്റെ നിർമ്മാണം നടത്തുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**മുരിങ്ങൂർ ഡിവൈൻ നഗർ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണം**

**2828** **ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യത്തിന്
**പൊതുമരാമത്ത്**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**മുരിങ്ങൂർ ഡിവൈൻ നഗർ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണത്തിനായി സ്ഥലമെടുപ്പ് പൂർത്തിയാക്കിയ സാഹചര്യത്തിൽ നിർമ്മാണം ആരംഭിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ ?**

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**കിളിമാന്നൂർ സിവിൽ സ്റ്റേഷൻ**

**2829 ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കിളിമാന്നൂരിലെ സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് പറയാമോ ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത പ്രവൃത്തിയുടെ കരാർ നൽകിയിരിക്കുന്നത് ആരുടെ പേരിലാണ് ;

(ഡി) പ്രസ്തുത പ്രവൃത്തിക്കായി എത്ര രൂപയാണ് കരാർ ചെയ്യപ്പെട്ടിട്ടുള്ളത് ;

(ഇ) ഇതുവരെ എത്ര രൂപയാണ് ഇതിനായി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**പേരാമ്പ്ര മിനി സിവിൽസ്റ്റേഷൻ കെട്ടിട നിർമ്മാണ നടപടി**

**2830 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത്**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **പേരാമ്പ്ര മിനിസിവിൽസ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് എത്ര തുകയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുളളത്;**

(ബി) **പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ ;**

(സി) **സംസ്ഥാനത്ത് ഇതേ സമയത്ത് അനുവദിച്ച മറ്റ് മിനി സിവിൽ സ്റ്റേഷനുകളുടെ നിർമ്മാണ പ്രവൃത്തികൾ എല്ലാം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ;**

(ഡി) **പേരാമ്പ്ര മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം കാലതാമസം ഒഴിവാക്കി ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?**

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**നാഷണൽ ഹൈവേ കാസർഗോഡ് ഡിവിഷൻ ഓഫീസ്**

**2831 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**നാഷണൽ ഹൈവേയ്ക്ക് സ്വന്തമായി ഡിവിഷനില്ലാത്ത കാസർഗോഡ് ജില്ലയിൽ ഒരു ഡിവിഷൻ ഓഫീസ് ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?**

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**<u>കായംകുളം കോർട്ട് കോംപ്ലക്സ്</u>**

**2832 ശ്രീ. സി. കെ. സദാശിവൻ**

താഴെ കാണുന്ന ചോദ്യത്തിന്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**ഭരണാനുമതി ലഭിച്ച കായകുളം കോർട്ട് കോംപ്ലക്സ് നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ ?**

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**കായംകുളം, കൃഷ്ണപുരം വില്ലേജാഫീസുകൾ**

**2833**

**ശ്രീ. സി. കെ. സദാശിവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി നിയോജക മണ്ഡലത്തിലെ കായംകുളം, കൃഷ്ണപുരം വില്ലേജാഫീസുകളുടെ കെട്ടിടങ്ങൾ കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലായി അപകട ഭീഷണി ഉയർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വില്ലേജാഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**കണ്ണിവയൽ റ്റി. റ്റി. ഐ.**

**2834 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**മലബാർ പാക്കേജിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ മലയോര കുടിയേറ്റ മേഖലയിലെ ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആയ കണ്ണിവയൽ റ്റി.റ്റി. ഐ.ക്ക് 3 കോടി 10 ലക്ഷം രൂപ കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച് 4 വർഷം കഴിഞ്ഞിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?**

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>അടൂർ ഗവൺമെന്റ് പോളിടെക്നിക്കിന്റെ</u>**
**<u>വനിതാ ഹോസ്റ്റൽ ടെൻഡറിംഗ്</u>**

2835 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അടൂർ ഗവൺമെന്റ് പോളിടെക്നിക്കിന്റെ വനിതാ ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ടെൻഡർ കമ്മിറ്റയുടെ പരിഗണനയ്ക്കായി വച്ചിട്ടുളള ഫയലിന്മേലുളള നടപടിയിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ബന്ധപ്പെട്ട ഫയലിന്മേലുളള നടപടി അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകുമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>അടൂർ ഗവൺമെന്റ് പോളിടെക്നിക്ക് കെട്ടിട റീടെൻഡറിംഗ്</u>**

**2836 ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അടൂർ ഗവൺമെന്റ് പോളിടെക്നിക്കിന്റെ കെട്ടിട നിർമ്മാണം സംബന്ധിച്ച് ജോലി റീടെൻഡർ ചെയ്യേണ്ടുന്നതിലേയ്ക്ക് വേണ്ട നടപടികളുടെ നിലവിലുള്ള കാലതാമസം വ്യക്തമാക്കുമോ ;

(ബി) ആയതിലുള്ള കാലതാമസം ഒഴിവാക്കി റീടെൻഡറിംഗിന് നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**സർക്കാർ ക്വാർട്ടേഴ്സുകൾ**

**2837 ശ്രീ. എൻ. ഷംസുദ്ദീൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പൊതുമരാമത്ത് വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരും, സ്ഥലം മാറിപോയതുമായ ഉദ്യോഗസ്ഥരും ഇപ്പോഴും സർക്കാർ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവരുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) ഇവരെ ഒഴിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2012 ജൂൺ 12.

പി. കെ. മുരളീധരൻ,
സെക്രട്ടറി - ഇൻ - ചാർജ്

"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.